**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1145** **07-10-2021 - ൽ മറുപടിയ്ക്ക്**

**പരാതികൾ അറിയിക്കുന്നതിനായി മൊബൈൽ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണങ്ങൾ സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനായി മൊബൈൽ ആപ്പ് തയ്യാറാക്കുകയുണ്ടായോ; | (എ) | PWD 4U എന്ന മൊബൈൽ ആപ്പ് സംവിധാനം 2021 ജൂൺ 7 മുതൽ നിലവിലുണ്ട്. |
| (ബി) | ഈ മൊബൈൽ ആപ്പിലൂടെ പൊതുജനങ്ങൾക്കായി ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാം; | (ബി) | പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ ഫോട്ടോ, ലൊക്കേഷൻ ഉൾപ്പെടെ ആപ്പ് മുഖേന നൽകാവുന്നതാണ്. ഈ സംവിധാനം മുഖേന ലഭ്യമാകുന്ന പരാതികൾ കെ.എസ്.ടി.പി യുടെ കീഴിൽ പ്രവർത്തിക്കുന്ന പബ്ലിക് ഇൻഫർമേഷൻ സെല്ലിൽ നിന്നും ബന്ധപ്പെട്ട നിരത്ത് പരിപാലന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്ത് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് കൈമാറുകയും പരാതികൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുകയും ചെയ്യുന്നു. പരാതികളുടെ നിജസ്ഥിതി ആപ്പിലൂടെ തന്നെ പരാതിക്കാരന് അറിയുന്നതിന് സാധിക്കുന്നു. പരാതി പരിഹരിച്ച വിവരവും തുടർന്ന് പരാതിക്കാരനെ അറിയിക്കുന്നുണ്ട്. |
| (സി) | ഈ മൊബൈൽ ആപ്പ് തയ്യാറാക്കിയത് ഏത് സ്ഥാപനമാണ്; | (സി) | PWD 4U ആപ്പ് രൂപകൽപ്പന ചെയ്ത് നടപ്പാക്കുന്നത് ലണ്ടൻ ആസ്ഥാനമായ ട്രാൻസ്പോർട്ട് ലബോറട്ടറീസ് യു.കെ എന്ന സ്ഥാപനമാണ്. |
| (ഡി) | ഇതിനായി ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കുമോ; | (ഡി) | റോഡ് മെയിന്റനനൻസ് ആന്റ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി നിർവ്വഹിക്കുന്ന പ്രവൃത്തി ആയതിനാൽ ഈ ആപ്പിനായി ചെലവാക്കിയ തുക പ്രത്യേകമായി കണക്കാക്കാൻ സാധ്യമല്ല. |
| (ഇ) | ഇതിനുമുമ്പ് സമാനമായ മൊബൈൽ ആപ്പ് നിർമ്മിച്ചിരുന്നോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വിശദാംശങ്ങൾ നൽകുമോ? | (ഇ) | ഇതിനുമുമ്പ് PWD FIXIT എന്ന മൊബൈൽ ആപ്പ് Hubspire എന്ന സ്ഥാപനം അവരുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ട് ഉപയോഗിച്ച് വികസിപ്പിച്ചിരുന്നു. എന്നാൽ നിലവിൽ ഈ ആപ്പ് പ്രവർത്തനക്ഷമമല്ല. |

സെക്ഷൻ ഓഫീസർ